പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1831 **26-10-2026-ൽ മറുപടിയ്ക്ക്**

തലപ്പാടി റെസ്റ്റ് സ്റ്റോപ്പ് പദ്ധതിയുടെ നിർമാണവും നടത്തിപ്പും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. എ. കെ. എം. അഷ്റഫ്	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ തലപ്പാടി റെസ്റ്റ് സ്റ്റോപ്പ് പദ്ധതിയുടെ നിർമാണപ്രവൃത്തികൾക്കായി ക്ഷണിച്ച ടെൻഡറുകളിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ എണ്ണം,ടെൻഡർ നടപടിക്രമം,കരാർ അനുവദിച്ചതിന്റെ മാനദണ്ഡങ്ങൾ എന്നിവ എന്തൊക്കെയാണ്;

മറുപടി: ദി ഹിന്ദു, ഇന്ത്യൻ എക്സ്പ്രസ്, ദേശാഭിമാനി എന്നീ പത്രങ്ങളുടെ സംസ്ഥാന പതിപ്പുകളിൽ പരസ്യം പ്രസിദ്ധീകരിച്ചതിനെ തുടർന്ന് സർക്കാർ ഇ-ടെൻഡർ പോർട്ടൽ മുഖേന തലപ്പാടി റസ്റ്റ് സ്റ്റോപ്പ് പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾക്കായി ടെൻഡർ ക്ഷണിക്കുകയുണ്ടായി. ആകെ 44 പേർ RFP ഡൗൺലോഡ് ചെയ്യുകയും, ഒരാൾ ടെൻഡർ സമർപ്പിക്കുകയും ചെയ്തു. തുടർന്ന് ക്വാളിറ്റി ആൻഡ് കോസ്റ്റ് ബേസ്ഡ് സെലക്ഷൻ (QCBS) മാനദണ്ഡമാക്കി ടെൻഡർ മൂല്യനിർണ്ണയ സമിതി (Tender Evaluation Committee) നടത്തിയ ചർച്ചകൾക്ക് ശേഷം സെലക്ഷൻ നടത്തുകയും; ഭാരത സർക്കാരിന്റെ ധനകാര്യ മന്ത്രാലയം (ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പൻഡിച്ചർ) പുറപ്പെടുവിച്ച 'മാന്വൽ ഫോർ പ്രൊക്യൂർമെന്റ് ഓഫ് വർക്സ്', കേരള സർക്കാരിന്റെ സ.ഉ.(പി) നം. 324/2015/ധന. എന്നിവയ്ക്ക് അനുസൃതമായി OKIHL ബോർഡ് ടെൻഡർ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

(ബി) നിർമാണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനും ചെലവുകൾ പരിശോധിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും സ്വതന്ത്ര പരിശോധനയോ ഓഡിറ്റോ ഏർപ്പെടുത്തിയിട്ടുണ്ടോ;വ്യക്തമാക്കാമോ;

മറുപടി: നിർമാണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനും, ഗുണനിലവാരം, സാങ്കേതിക അനുയോജ്യത എന്നിവ ഉറപ്പുവരുത്തുന്നതിനും ബില്ലുകൾ സാക്ഷ്യപ്പെടുത്തുന്നതിനുമായി KIIFCON-നെ 'അതോറിറ്റി എഞ്ചിനീയർ' (Authority Engineer) ആയി OKIHL ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) റെസ്റ്റ് സ്റ്റോപ്പ് പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങൾക്ക് സൗജന്യമായി ഉപയോഗിക്കാവുന്ന സൗകര്യങ്ങൾ ഏതൊക്കെയാണ്;അവ ഉറപ്പാക്കുന്നതിന് എന്ത് വ്യവസ്ഥകളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

മറുപടി: റെസ്റ്റ് സ്റ്റോപ്പിലെ സൗകര്യങ്ങൾ യാത്രക്കാർക്കും നാട്ടുകാർക്കും ഒരുപോലെ സൗജന്യമായി ഉപയോഗിക്കാം. എന്നാൽ, ചില പ്രത്യേക സേവനങ്ങൾക്കു മാത്രം നിശ്ചിത ഫീസ് ഈടാക്കുന്നതാണ്.

(ഡി) പദ്ധതിയുടെ ഭാഗമായി നിർമിക്കുന്ന കടമുറികൾ,ഭക്ഷണശാലകൾ,മറ്റ് വാണിജ്യസ്ഥാപനങ്ങൾ എന്നിവയുടെ നടത്തിപ്പ് സർക്കാർ,ഒ.കെ.ഐ.എച്ച് (ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ്), സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ ആരുടെ നിയന്ത്രണത്തിലാണ്;വ്യക്തമാക്കാമോ;

മറുപടി: അന്താരാഷ്ട്ര നിലവാരമുള്ള റെസ്റ്റ് സ്റ്റോപ്പ് ശൃംഖല ഉറപ്പാക്കുന്നതിനായി, മികച്ച പരിചയസമ്പത്തും ട്രാക്ക് റെക്കോർഡുമുള്ള യോഗ്യരായ സ്ഥാപനങ്ങളെയാണ് പ്രധാനമായും യൂണിറ്റുകളുടെ നടത്തിപ്പ് ചുമതല ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ചില യൂണിറ്റുകൾ OKIHL തന്നെ നേരിട്ട് നടത്തുന്നതായിരിക്കും. തുല്യ യോഗ്യതയുള്ള അപേക്ഷകരിൽ നിന്നും പ്രവാസി മലയാളികൾ (NRIs), തിരിച്ചെത്തിയ പ്രവാസികൾ (Returned NRIs), അവരുടെ ആശ്രിതർ എന്നിവർക്ക് വാണിജ്യ യൂണിറ്റുകൾ അനുവദിക്കുന്നതിൽ മുൻഗണന നൽകുന്നതാണ്.

(ഇ) പദ്ധതി പ്രവർത്തനം ആരംഭിച്ചശേഷം പൊതുജനങ്ങൾ ഉപയോഗിക്കുന്ന സൗകര്യങ്ങൾക്ക് ഫീസ് ഈടാക്കുന്നുണ്ടെങ്കിൽ,പ്രസ്തുത നിരക്കുകൾ നിശ്ചയിക്കുന്നതും നിയന്ത്രിക്കുന്നതും ഏത് അധികാരിയായിരിക്കും;

മറുപടി: പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(എഫ്) പദ്ധതിയുടെ നടത്തിപ്പിൽ നിന്നുള്ള വരുമാനവും പരിപാലനച്ചെലവും കണക്കാക്കുന്നതിനുള്ള സംവിധാനം എന്താണ്;പദ്ധതിയിൽനിന്ന് സർക്കാരിന് ലഭിക്കുന്ന സാമ്പത്തിക നേട്ടം വിലയിരുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

മറുപടി: OKIHL - ന്റെ ഏക ഓഹരി ഉടമ സർക്കാരായതിനാൽ ഈ പദ്ധതിയിൽ നിന്നുള്ള സാമ്പത്തിക നേട്ടം സർക്കാരിലേക്ക് തന്നെ എത്തിച്ചേരുന്നതാണ്.

സെക്ഷൻ ഓഫീസർ